പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1751 5/12/2014- ൽ മറുപടിക്ക്

**കന്നുകുട്ടി പരിപാലനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ.കെ. ലതിക: | കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കന്നുകുട്ടികളുടെ പരിപാലനത്തിനായി ക്ഷീരകർഷകർക്ക് സർക്കാർ എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | എ) ഒരു പശുക്കുട്ടിയെ 4 മാസം പ്രായം മുതൽ 30 മാസം പ്രായം വരെ ശാസ്ത്രീയമായി പരിചരിക്കുന്നതിനും പോഷകാഹാരം നൽകുന്നതിനും ആവശ്യമായ ചെലവിന്റെ പകുതി തുക പരിധിക്ക് വിധേയമായി 12,500/- രൂപ വരെ കർഷകർക്ക് നൽകുന്നു. കന്നുകുട്ടിയെ ഇൻഷ്വർ ചെയ്യുന്നതിനുള്ള പ്രീമിയം, വിരമരുന്ന്, പരിശീലനം, പുൽവിത്ത്, ധാതുലവണ മിശ്രിതം, കന്നുകുട്ടി തീറ്റ എന്നിവയുടെ ചെലവ് ഇതിൽ ഉൾപ്പെടുന്നു.<br>നടപ്പ് സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാരിന്റെ കാഫ് അഡോപ്ഷൻ പ്രോഗ്രാം അനുസരിച്ച് 30042 കന്നുകുട്ടികൾക്കും , ഗോവർദ്ധിനി പദ്ധതി പ്രകാരം 38160 കന്നുകുട്ടികൾക്കും, ആർ.കെ.വി.വൈ പദ്ധതി പ്രകാരം 16900 |

കന്നുകുട്ടികൾക്കും 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമുള്ള സുരഭിരക്ഷാ പദ്ധതിയനുസരിച്ച് 12500 . കന്നുകുട്ടികൾക്കുമായി ആകെ 97602 കന്നുകുട്ടികളെ സംരക്ഷിക്കുന്നതിന് ധനസഹായം നൽകുന്നുണ്ട്.

ബി) ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുമ്പോൾ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

ബി) 1. പദ്ധതിയിൽ എൻറോൾ ചെയ്യുന്ന സമയത്ത് കർഷകന് സ്വന്തമായി 4 മുതൽ 6 മാസം വരെ പ്രായമുള്ള പശുക്കുട്ടി ഉണ്ടായിരിക്കണം.

2.ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മുൻഗണന നൽകണം. ബി.പി.എൽ ഗുണഭോക്താക്കളുടെ അഭാവത്തിൽ എ.പി.എൽ. ഗുണഭോക്താക്കളെയും പരിഗണിക്കും.

3.പട്ടികവർഗ്ഗത്തിൽപ്പെട്ട എല്ലാ അപേക്ഷകർക്കും ആനുകൂല്യം നൽകേണ്ടതാണ്.

4. ആകെ തെരഞ്ഞെടുക്കപ്പെട്ടവരിൽ 10% പട്ടികജാതിയിൽ ഉള്ളവരായിരിക്കണം. ഇപ്രകാരം ലഭ്യമല്ലെങ്കിൽ പൊതുവിഭാഗത്തെയും പരിഗണിക്കാവുന്നതാണ്.

5. മുൻപ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കാത്ത കർഷകർ, സ്ത്രീകൾ, വിധവകൾ, ജവാന്മാരുടേയും, എക്സ് സർവ്വീസു കാരുടേയും ആശ്രിതർ എന്നിവർക്ക് മുൻഗണന നൽകണം.

6. ഗുണഭോക്തൃപട്ടികയ്ക്ക് ഗ്രാമസഭയുടെ അംഗീകാരം ആവശ്യമാണ്.

7. ഗോവർദ്ധിനി, സുരഭിരക്ഷ എന്നീ

| | |
|---|---|
| | പദ്ധതികളിൽ സർക്കാർ മൃഗാശുപത്രിയിൽ സൂക്ഷിച്ചിട്ടുള്ള കന്നുകുട്ടി ജനനരജിസ്റ്ററിലെ മുൻഗണനാ ക്രമത്തിലാണ് . കന്നുകുട്ടികളെ തെരെഞ്ഞെടുക്കുന്നത്. |
| സി) എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | സി) ഗോവർദ്ധിനി, സുരഭിരക്ഷ എന്നീ പദ്ധതികളിൽ എ.പി.എൽ/ ബി.പി.എൽ വ്യത്യാസമില്ല. സർക്കാർ മൃഗാശുപത്രിയിൽ സൂക്ഷിച്ചിട്ടുള്ള കന്നുകുട്ടി ജനനരജിസ്റ്ററിലെ മുൻഗണനാ ക്രമത്തിലാണ് കന്നുകുട്ടികളെ തെരെഞ്ഞെടുക്കുന്നത്. |

(signature)

സെക്ഷൻ ഓഫീസർ